ഉത്തരം

(എ) പുതിയ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സഹകരണ ചട്ടങ്ങൾ 2-5-2000-ലെ ജി.ഒ (പി) 80/2000/സഹ.നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 2000ലെ കേരള സഹകരണസംഘം (ഭേദഗതി) പ്രസിദ്ധീകരിച്ചു. പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) നിലവിലുള്ള സഹകരണവകുപ്പിലെ ആഡിറ്റ് വിഭാഗത്തെ സഹകരണ ആഡിറ്റ് ഡയറക്ടറുടെ ചുമതലയിൽ കൊണ്ടുവരുന്നതിനുവേണ്ടി 1969ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 63 ഉം 64 ഉം ചട്ടം 64 ഉം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) ചർച്ച ചെയ്യുന്നതാണ്.

സഹകരണ ബാങ്കുകളിലെ നിയമനം സംബന്ധിച്ച ഹൈക്കോടതി വിധി

95 (935) ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സർവ്വീസ് ബാങ്കുകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് ഹൈക്കോടതിവിധി വന്നശേഷവും പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും ഹൈക്കോടതി വിധിയനുസരിച്ച് മാത്രം ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹൈക്കോടതി വിധി വന്നശേഷം താഴെപ്പറയുന്ന സംഘങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്.

1. ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
2. കരകുളം സർവ്വീസ് സഹകരണ ബാങ്ക്
3. നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക്
4. ചിറയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

5. ആറ്റിങ്ങൽ മുനിസിപ്പൽ ഠൗൺ സർവ്വീസ് സഹകരണ ബാങ്ക്
6. നെയ്യാറ്റിൻകര സഹകരണ അർബൻ ബാങ്ക്
7. വെളിയം സർവ്വീസ് സഹകരണ ബാങ്ക്
8. എഴുകോൺ സർവ്വീസ് സഹകരണ ബാങ്ക്
9. പുനലൂർ സർവ്വീസ് സഹകരണ ബാങ്ക്
10. മാത്ര സർവ്വീസ് സഹകരണ ബാങ്ക്
11. വെട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് 1812
12. ഉഴുവ സർവ്വീസ് സഹകരണ ബാങ്ക് എ. 305
13. വാരനാട് സർവ്വീസ് സഹകരണ ബാങ്ക് 1248
14. കിഴപതിൽ സർവ്വീസ് സഹകരണ ബാങ്ക് നം. 1164.
15. കലവംകോട് സർവ്വീസ് സഹകരണ ബാങ്ക്. എ. 895
16. ചേർത്തല ഠൗൺ സർവ്വീസ് സഹകരണ ബാങ്ക് 143
17. ചേർത്തല താലൂക്ക് അഗ്രി. ക്രെഡിറ്റ് സഹകരണസംഘം എച്ച് .ഡബ്യൂ. 11.
18. ആർത്തുങ്കൽ സർവ്വീസ് സഹകരണ ബാങ്ക് 3772
19. മംഗലം സർവ്വീസ് സഹകരണ ബാങ്ക്
20. വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്
21. പുൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്
22. പയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്
23. അനന്തപുർ സർവ്വീസ് സഹകരണ ബാങ്ക്
24. വട്ടകുളം സർവ്വീസ് സഹകരണ ബാങ്ക്
25. അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്
26. പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്ക്
27. പാങ്ങ് സർവ്വീസ് സഹകരണ ബാങ്ക്
28. ദേവികുളം താലൂക്ക് കാർഷിക ഗ്രാമ വികസന ബാങ്ക്
29. രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക്
30. കേരള മാർക്കന്റയിൽ സഹകരണ ബാങ്ക്
31. പന്തീരങ്കാവ് സർവ്വീസ് സഹകരണ ബാങ്ക്
32. വടകര സഹകരണ റൂറൽ ബാങ്ക്
33. ഏറാമല സർവ്വീസ് സഹകരണ ബാങ്ക്
34. നടുവണ്ണൂർ റീജിയണൽ സഹകരണ ബാങ്ക്
35. പയ്യോളി സർവ്വീസ് സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

36. പനങ്ങട് സർവ്വീസ് സഹകരണ ബാങ്ക്
37. കിലയിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
38. കൊട്ടക്കാട് സർവ്വീസ് സഹകരണ ബാങ്ക്
39. തിമിരി സർവ്വീസ് സഹകരണ ബാങ്ക്
40. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക്
41. എഫ്.എ.സി.റ്റി. ക്രെഡിറ്റ് സഹകരണ സംഘം
42. അഴിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
43. എടത്തിരിത്തി കിസാൻ സർവ്വീസ് സഹകരണ ബാങ്ക്
44. വെങ്ങപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്
45. കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്ക്
46. സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക്

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾക്കു വിപരീതമായി നിയമനങ്ങൾ നടത്തിയിട്ടുള്ള സംഘങ്ങൾക്കെതിരെ അതാത് ജോയിന്റ് രജിസ്ട്രാർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണവകുപ്പിൽ ഇൻഷ്വറൻസ് കമ്പനി പൊതുമേഖലയെ തകർക്കുമെന്ന പരാതി

96 (936) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ തുടങ്ങുന്ന ഇൻഷ്വറൻസ് കമ്പനി സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി തുടങ്ങാനുള്ള തീരുമാനം പിൻവലിക്കുമോ ;

(സി) ഇൻഷ്വറൻസ് കമ്പനികൾ പൊതുമേഖലയിൽ നിന്നും മാറ്റുന്നതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ;

(ഡി) ഇൻഷ്വറൻസ് മേഖല സംസ്ഥാനത്ത് സ്വകാര്യവൽക്കരിക്കുന്നതിന് സർക്കാരിന്റെ ഈ നടപടി വഴി തെളിയിക്കും എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ ഇൻഷ്വറൻസ് വകുപ്പിനെ തകർക്കാൻ ഉതകുന്ന ഈ തീരുമാനത്തിൽ നിന്നും സഹകരണ വകുപ്പിനെ പിൻതിരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly